"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ഡ്രൈവർ തസ്തികയിൽ സേവനത്തിലുള്ള ശ്രീ.ഗോപകുമാർ വി ജി യുടെ മകളുടെ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1251/2025/LSGD തീയതി,തിരുവനന്തപുരം, 22-05-2025

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 15.02.2025 ലെ LSGD/PD/5599/2025-DEG1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ഡ്രൈവർ തസ്തികയിൽ സേവനത്തിലുള്ള ശ്രീ.ഗോപകുമാർ വി ജി എന്നവരുടെ മകളുടെ ചികിത്സക്ക് ചെലവായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റായി അനുവദിക്കുന്നതിനായി അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ഡ്രൈവർ തസ്തികയിൽ സേവനത്തിലുള്ള ശ്രീ.ഗോപകുമാർ വി ജി എന്നവരുടെ മകളുടെ ഹൃദയ വാൽവ് സംബന്ധമായ അസുഖത്തിന് തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ 04/08/2023 മുതൽ 29/09/2023 വരെയുള്ള കാലയളവിൽ നടത്തിയ ചികിത്സക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അർഹത കണക്കാക്കി അറിയിച്ച തുകയായ ₹ 1,01,906/- (ഒരു ലക്ഷത്തി ആയിരത്തി തൊള്ളായിരത്തിയാറ് രൂപ മാത്രം) നഗരസഭയുടെ തനതുഫണ്ടിൽ നിന്നും റീ ഇംപേഴ്സ് ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ സഹിതം)
സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
ശ്രീ.ഗോപകുമാർ വി ജി, ഡ്രൈവർ, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 22-05-2025 16:11:35

സെക്ഷൻ ഓഫീസർ